മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

യൂണിവേഴ്സിറ്റി ജീവനക്കാർക്ക് ടൈം സ്കെയിൽ.

* 1100. [6] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

യൂണിവേഴ്സിറ്റി ജീവനക്കാരായ എൻ. ജി. ഒ. മാർക്ക് ടൈം സ്കെയിൽ ഏർപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം.

* 1101. [7] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ് അംഗീകരിച്ചു കഴിഞ്ഞിട്ടുള്ള പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവർദ്ധനവിനും മറ്റുമായി ഏതെല്ലാം നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു;

(ബി) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് ഇനിയും ശമ്പളം തിട്ടപ്പെടുത്താതെ എത്ര അദ്ധ്യാപകന്മാർ അവശേഷിക്കുന്നുണ്ട്;

(സി) ശമ്പളം തിട്ടപ്പെടുത്തുമ്പോൾ നാളിതുവരെ, അദ്ധ്യാപകർ പഠിപ്പിച്ചിട്ടുള്ള വർഷം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശമ്പളവർദ്ധനവിനെ പറ്റിയുള്ള കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

(ബി) ഏകദേശം ഇരുന്നൂറോളം വരും.

(സി) പി. എസ്സ്. എസ്സ്. സ്കീമിൽ റൂൾ 12, ക്ലാസ്സ് 4, 5 അനുസരിച്ചാണ് ശമ്പളം നിർണ്ണയിക്കുന്നത്.

മിഡിൽസ്കൂളിലെ ഫീസിളവ്.

* 1102. [8] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മീഡിൽസ്കൂൾ ക്ലാസ്സുകളിൽ ഫീസിളവു വരുത്തിയതിനാൽ വളരെ നഷ്ടം സഹിക്കേണ്ടിവന്നിട്ടുള്ള പ്രൈവറ്റ്സ്കൂൾ മാനേജരന്മാരുടെ നഷ്ടം നികത്തുന്നതിനു ഗവണ്മെൻറിൽനിന്നും ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഗവണ്മെൻറ് സ്കൂളുകളിലേയും പ്രൈവറ്റ് സ്കൂളുകളിലേയും ഓരോ മിഡിൽസ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി ഗവണ്മെൻറ് ശരാശരി എത്ര രൂപ ചെലവാക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly